പതിനഞ്ചാം കേരള നിയമസഭ

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
(2023-2026)

പതിനെട്ടാമത് റിപ്പോർട്ട്

[കോവിഡിനെത്തുടർന്ന് വിദേശ രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്കായി സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ അവലോകനം സംബന്ധിച്ച്]

(2025 സെപ്തംബർ [illegible]-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

RJ

പതിനഞ്ചാം കേരള നിയമസഭ

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
(2023-2026)

പതിനെട്ടാമത് റിപ്പോർട്ട്

[കോവിഡിനെത്തുടർന്ന് വിദേശ രാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്കായി സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ അവലോകനം സംബന്ധിച്ച്]

(2025 സെപ്റ്റംബർ 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

ഉള്ളടക്കം

	പേജ്
സമിതിയുടെ ഘടന	..
ആമുഖം	..
റിപ്പോർട്ട്	..

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
(2023-26)

ഘടന

ചെയർപേഴ്സൺ

ശ്രീ. എ.സി. മൊയ്തീൻ

അംഗങ്ങൾ

ശ്രീ. എ.കെ.എം. അഷ്റഫ്

ഡോ. കെ. ടി. ജലീൽ

ശ്രീ. മാണി സി. കാപ്പൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി.

ശ്രീ. എ. ജാഫർ ഖാൻ, ജോയിന്റ് സെക്രട്ടറി.

ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ ആനന്ദ് കെ., അണ്ടർ സെക്രട്ടറി.

ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കോവിഡ് മഹാമാരിയെ തുടർന്ന് പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരികെ എത്തിയവരുടെ പുനരധിവാസം സംബന്ധിച്ച് പ്രവാസി സംഘടനാ പ്രതിനിധികൾ, വ്യക്തികൾ എന്നിവരിൽ നിന്ന് സമിതിക്ക് നേരിട്ടും വിവിധ ജില്ലകളിൽ തെളിവെടുപ്പ് യോഗങ്ങൾ ചേർന്ന സന്ദർഭങ്ങളിലും ധാരാളം പരാതികൾ ലഭിച്ച സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ പ്രവാസി മലയാളികൾക്കായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 12.07.2023-ന് യോഗം ചേർന്ന് കേരളീയ പ്രവാസികാര്യം, ധനകാര്യം, തൊഴിലും നൈപുണ്യവും, സഹകരണം, വ്യവസായം, നികുതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെയും നോർക്ക റൂട്സ്, കേരളീയ പ്രവാസി ക്ഷേമ ബോർഡ് എന്നീ സ്ഥാപനങ്ങളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും പ്രവാസി സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ വിലയിരുത്തലുകളും നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2025 ആഗസ്റ്റ് 6-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 17.

എ.സി. മൊയ്തീൻ,
ചെയർപേഴ്സൺ,
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

റിപ്പോർട്ട്

1) സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വളർച്ചയും പുരോഗതിയും സാധ്യമാക്കുന്നതിലും കേരളത്തിലെ ജീവിത നിലവാരം ഇന്നത്തെ രീതിയിലേക്ക് ഉയർത്തി കൊണ്ടുവരുന്നതിലും പ്രവാസി മലയാളികൾ വഹിച്ച പങ്ക് നിസ്തുലമാണ്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവതയുടെ തൊഴിലില്ലായ്മ വലിയ തോതിൽ നിയന്ത്രിക്കാനായത് അന്യദേശങ്ങളിൽ അവർ കണ്ടെത്തിയ തൊഴിലവസരങ്ങളിലൂടെയാണ്. അന്യനാട്ടുകളിൽ ആരോഗ്യവും ആയുസും മറന്ന് കഠിനാദ്ധ്വാനം ചെയ്യുന്ന മലയാളി സ്വന്തം കുടുംബത്തോടൊപ്പം സ്വന്തം നാടിന്റെയും സമൃദ്ധിക്കും സാമ്പത്തിക വളർച്ചക്കും വികസനത്തിനും പ്രേരകശക്തിയായി മാറി. കേരളത്തിൽ പുതിയൊരു ഉപഭോക്തൃസംസ്കാരം വളർത്തിയെടുക്കുന്നതിനും വിസ്മയാവഹമായ സാങ്കേതിക കുതിപ്പ് നേടിയെടുക്കുന്നതിനും വേണ്ടി പ്രവാസി മലയാളികൾ നൽകിയ സംഭാവനയ്ക്ക് നാം എന്നും അവരോട് കടപ്പെട്ടിരിക്കുന്നു.

2) കോവിഡ് മഹാമാരിയെ തുടർന്ന് പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരികെ എത്തിയവരുടെ പുനരധിവാസം സംബന്ധിച്ച് പ്രവാസി സംഘടനാ പ്രതിനിധികൾ, വ്യക്തികൾ എന്നിവരിൽ നിന്ന് സമിതിക്ക് നിരവധി പരാതികൾ ലഭിക്കുകയുണ്ടായി. സമിതി വിവിധ ജില്ലകളിൽ തെളിവെടുപ്പ് യോഗങ്ങൾ ചേർന്ന സന്ദർഭങ്ങളിലും ഇത്തരം പരാതികൾ ലഭിച്ചിരുന്നു. പ്രസ്തുത പരാതികൾ സമിതി പരിശോധിക്കുകയും വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെ എത്തിയ പ്രവാസി മലയാളികൾക്കായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിന് സമിതി തീരുമാനിക്കുകയും അതേത്തുടർന്ന് 12.07.2023-ന് യോഗം ചേർന്ന് കേരളീയ പ്രവാസികാര്യം, ധനകാര്യം, തൊഴിലും നൈപുണ്യവും, സഹകരണം, വ്യവസായം, നികുതി,

തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെയും നോർക്ക റൂട്സ്, കേരളീയ പ്രവാസി ക്ഷേമ ബോർഡ് എന്നീ സ്ഥാപനങ്ങളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും പ്രവാസി സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ വിലയിരുത്തലുകളും നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

3) കോവിഡ് മഹാമാരി സൃഷ്ടിച്ച അനിശ്ചിതത്വവും തുടർന്ന് ആഗോള തലത്തിലുണ്ടായ സാമ്പത്തിക മാന്ദ്യവും പ്രവാസികളുടെ തൊഴിലിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ നിരവധി പ്രവാസി മലയാളികൾക്ക് ജോലി നഷ്ടപ്പെട്ട് പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് മടങ്ങി വരേണ്ടി വന്നിട്ടുണ്ട്. ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്ത് മടങ്ങി എത്തിയതിനുശേഷം തൊഴിൽ കണ്ടെത്താനാകാതെയും വിദേശത്തേയ്ക്ക് തിരികെ പോകുന്നതിന് സാധിക്കാതെയും പ്രതിസന്ധിയിലായ പ്രവാസി മലയാളികളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടി പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ നാട്ടിൽ തിരികെ വന്ന എല്ലാ പ്രവാസികളിലേയ്ക്കും എത്തിയിട്ടില്ലെന്നും ആകയാൽ പദ്ധതികൾ പൂർണ്ണതോതിൽ പ്രയോജനപ്പെടുത്താനായിട്ടില്ലെന്നും വിഭാവനം ചെയ്ത വിവിധ പദ്ധതികളുടെ നടത്തിപ്പിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം-നിയന്ത്രണം-സാക്ഷാത്ക്കാരം എന്നീ മേഖലകളിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും സമിതി മനസിലാക്കുന്നു.

4) പ്രവാസികളുടെ പുനരധിവാസത്തിന്റെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മടങ്ങി വരുന്ന പ്രവാസികൾക്ക് സുസ്ഥിരമായ ഉപജീവന മാർഗ്ഗം പ്രദാനം ചെയ്യുന്നതിനായി കേരള സർക്കാർ നടപ്പിലാക്കുന്ന സമഗ്ര പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻകീഴിൽ പുതിയ സംരംഭങ്ങൾ തുടങ്ങാൻ 30 ലക്ഷം രൂപ വരെ ലോൺ അനുവദിക്കുന്ന പദ്ധതികളിൽ വായ്പാതുകയുടെ കൃത്യമായ തിരിച്ചടവിന് സബ്സിഡി

അനുവദിച്ച് വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുമായി കേരള ബാങ്കിന്റെ പല ശാഖകളും സഹകരിക്കുന്നുണ്ടെങ്കിലും ചില ശാഖകൾ നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ച പ്രവാസിസംഘടന പ്രതിനിധികൾ സംസ്ഥാനത്തെ സഹകരണമേഖലയിലുള്ള ബാങ്കുകളെയും കേരള ബാങ്കിനെയും NDPREM പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം തെളിവെടുപ്പ് വേളയിൽ ഉന്നയിക്കുകയും ചെയ്തു. കേരള ബാങ്ക് ഉൾപ്പെടെയുള്ള പതിനെട്ട് ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് നിലവിൽ സർക്കാർ ടി പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സഹകരണ മേഖലയിലെ എല്ലാ ബാങ്കുകളെയും ഉൾപ്പെടുത്തുന്നത് സഹായകരമാകുമെന്ന് വിലയിരുത്തിയ സമിതി NDPREM പദ്ധതിയിൽ സംസ്ഥാനത്തെ സഹകരണ മേഖലയിലുള്ള മുഴുവൻ ബാങ്കുകളെയും കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

5) എൻ.ഡി.പി.ആർ.ഇ.എം. പദ്ധതിവഴി വായ്പയ്ക്കായി പ്രവാസികൾ ബാങ്കുകളെ സമീപിക്കുമ്പോൾ ചില ബാങ്കുകൾ നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചാൽ നോർക്ക അതിന്റെ പൊതുമാനദണ്ഡങ്ങൾ പരിശോധിച്ചതിനുശേഷമാണ് പ്രസ്തുത അപേക്ഷ ബാങ്കിലേയ്ക്ക് കൈമാറുന്നത്. അതുപോലെ ബാങ്കുകളുടെ അവസാന പരിശോധനയിലുള്ള നിരസിക്കൽ ഒഴിവാക്കുന്നതിനു വേണ്ടി നോർക്ക ലോൺ മേളകളും സംഘടിപ്പിക്കുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ടെങ്കിലും സിബിൽ സ്കോർ ഇല്ലായെന്ന കാരണം പറഞ്ഞും ഉല്പന്നത്തിന്റെ വിപണന സാധ്യതയും പ്രായോഗിക സാധ്യതയും സംബന്ധിച്ച പ്രശ്നങ്ങൾ ഉന്നയിച്ചും ബാങ്കുകൾ വായ്പ നിഷേധിക്കുന്ന സാഹചര്യമുണ്ടാകാറുണ്ട്. അത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണെന്ന് വിലയിരുത്തിയ സമിതി, വായ്പകൾക്കായി അപേക്ഷിക്കുന്ന ആദ്യഘട്ടത്തിൽത്തന്നെ സംരംഭത്തിന്റെ പ്രായോഗിക വിപണന സാധ്യതകളും വായ്പയ്ക്കുള്ള അർഹതയും പരിശോധിക്കുന്നതിനുള്ള സംവിധാനമൊരുക്കണമെന്ന് ശിപാർശ ചെയ്യുന്നു.

6) കോവിഡ് മഹാമാരി മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെ എത്തിയ പ്രവാസികൾക്ക് മൂലധന പലിശ സബ്സിഡി ഉൾപ്പെടെ അനുവദിക്കുന്ന കേരള ബാങ്കിന്റെ പദ്ധതിയാണ് 'കെ.ബി.പ്രവാസി കിരൺ'. 24 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും പദ്ധതി പ്രകാരം ആദ്യ നാല് വർഷം പലിശയിനത്തിൽ മൂന്ന് ശതമാനം സബ്സിഡിക്കും പരമാവധി മൂന്ന് ലക്ഷം രൂപ വരെ ക്യാപ്പിറ്റൽ സബ്സിഡിക്കും അർഹതയുണ്ടെന്നും 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ഇതുവരെ 406 പ്രവാസികൾക്കായി ഏകദേശം 71 കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. അതുപോലെ പ്രവാസികൾക്കായി കേരള ബാങ്ക് നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് 'കെ.ബി. പ്രവാസി ഭദ്രത'. കോവിഡ് മഹാമാരി മൂലമുണ്ടായ പ്രതിസന്ധിയിൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് നോർക്ക റൂട്സുമായി ചേർന്ന് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലച്ചുപോയ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുമായി ലഘുജാമ്യ വ്യവസ്ഥയിൽ പരമാവധി 5 ലക്ഷം രൂപ വരെ അനുവദിക്കുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയിൽ ആദ്യ നാലുവർഷം പലിശയിനത്തിൽ 3 ശതമാനം സബ്സിഡിക്കും പരമാവധി ഒരു ലക്ഷം രൂപ വരെ ക്യാപ്പിറ്റൽ സബ്സിഡിക്കും അർഹതയുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 96 പ്രവാസികൾക്കായി ഏകദേശം 75 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ടെന്നും പ്രവാസിക്ഷേമവും പ്രവാസി പദ്ധതികളുടെ മേൽനോട്ടവും വഹിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട ഒരു മേൽനോട്ട സമിതിയും പ്രവർത്തിക്കുന്നുണ്ടെന്നുള്ളതും വകുപ്പുദ്യോഗസ്ഥർ തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കിയിരുന്നു.

7) അവിദഗ്ദ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാന പരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി കുടുംബശ്രീ വഴി പലിശരഹിത സംരംഭക വായ്പകളും സാമ്പത്തിക സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2021-ൽ ആവിഷ്കരിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത-പേൾ. പ്രസ്തുത പദ്ധതി മുഖാന്തിരം ഗ്രാമപഞ്ചായത്തുകളിൽ പ്രവാസി ഗ്രാമസഭകൾ വിളിച്ചു ചേർത്ത്

പദ്ധതി രൂപീകരണവും പദ്ധതി വിഹിതവും തയ്യാറാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുതാര്യമാക്കണമെന്നും നിലവിൽ ലഭ്യമാകുന്ന ധനസഹായം റിവോൾവിംഗ് ഫണ്ടായി തന്നെ നിലനിറുത്തണമെന്നുമുള്ള ആവശ്യം സമിതിയിൽ സംഘടനാ പ്രതിനിധികൾ ഉന്നയിക്കുകയുണ്ടായി. റിവോൾവിംഗ് ഫണ്ട് മാതൃകയിൽ വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങൾക്ക് അനുവദിച്ചുവരുന്ന പലിശരഹിത വായ്പയായ 2 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഒറ്റത്തവണ ധനസഹായമായി നൽകി വരുന്ന ഈ വായ്പ തുക വർദ്ധിപ്പിക്കണമെന്നും ഇത് റിവോൾവിംഗ് ഫണ്ടായി നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8) കേരള ബാങ്ക്, കെ.എസ്.എഫ്.ഇ. എന്നിവ വഴി പ്രവാസികൾക്ക് സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് പ്രവാസിഭദ്രത - മൈക്രോ. അഞ്ച് ലക്ഷം രൂപ വരെയുള്ള സൂക്ഷ്മ സംരംഭങ്ങൾക്കുള്ള സംരംഭകത്വ സഹായ പദ്ധതിയായ പ്രവാസി ഭദ്രത-മൈക്രോയിലൂടെ പ്രവാസികൾക്കായി 377.95 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും പ്രവാസി നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശനിരക്ക് ആവിഷ്കരിക്കുന്നതിനും പ്രവാസിചിട്ടികളിൽ പുതിയ സ്കീമുകൾ നടപ്പിലാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സമിതി യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കി. പ്രവാസി ചിട്ടിയിൽ പുതിയ സ്കീമുകളും കൂടുതൽ പലിശ ലഭ്യമാകുന്ന നിക്ഷേപ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9) നോർക്ക റൂട്ട്സ് കെ.എസ്.ഐ.ഡി.സി.യുമായി സഹകരിച്ച് പ്രവാസികൾക്കായി 'പ്രവാസി മെഗാ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സംരംഭക പദ്ധതിയിൽ ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നുണ്ട്. 25 ലക്ഷം മുതൽ 2 കോടി രൂപ വരെയുള്ള വായ്പകൾക്കാണ് പലിശ സബ്സിഡി നൽകുന്നത്. 8.25% മുതൽ 8.75% വരെ പലിശ ഈടാക്കുന്ന വായ്പകളിൽ 5% മാത്രം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ബാക്കി

3.25% മുതൽ 3.75% വരെ ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡി ഇനത്തിൽ തിരികെ നൽകുന്നു. കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികളെകുറിച്ച് പ്രവാസികൾക്ക് ഇടയിൽ മതിയായ അവബോധം ഇല്ലാത്തതിനാൽ പദ്ധതികളുടെ ആനുകൂല്യം പ്രവാസികൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രവാസികൾക്ക് ഇടയിൽ ഇത്തരം പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നതിലേക്കായി പ്രത്യേക നടപടികൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10) കൂടാതെ പ്രവാസികൾക്കായുള്ള വായ്പാപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പ്രായപരിധി 60-ൽ നിന്ന് 70 വയസ്സായി ഉയർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11) പ്രവാസികളുടെ സ്കിൽ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് വിദേശ രാജ്യങ്ങളിൽ പോകുന്നവർക്ക് വിദേശ ഭാഷകളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി നോർക്ക റൂട്സിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുള്ള സ്ഥാനപമാണ് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്. പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ജർമ്മൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിലാണ് പരിശീലനം നൽകി വരുന്നത്. കേരളീയരിൽ ഭൂരിഭാഗം പ്രവാസികളും ഗൾഫ് നാടുകളിലാണ് തൊഴിൽ ചെയ്തുവരുന്നത്. വിദേശരാജ്യങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് അവിടുത്തെ ഭാഷ പഠിക്കുന്നതിനായുള്ള പരിശീലനം നോർക്ക വഴി നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്നും പ്രത്യേകിച്ച് അറബിഭാഷാ പരിശീലനം ലഭ്യമാക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസിന്റെ പരിശീലന പരിപാടികളിൽ അറബിക് ഭാഷാ പരിശീലനം കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12) ഉയർന്ന വിദ്യാഭ്യാസമുള്ള ജോലി ആഗ്രഹിക്കുന്ന ഭൂരിഭാഗം കേരളീയരും പ്രത്യേകിച്ച് ആരോഗ്യമേഖലയിലുള്ളവർ വിദേശ തൊഴിലവസരങ്ങൾ തേടുന്നവരാണ്. അപ്രകാരം വിദേശത്ത് തൊഴിൽ തേടുന്ന ഉദ്യോഗാർത്ഥികൾക്ക് ഭാഷ, നിയന്ത്രണ

പരീക്ഷകളിൽ പങ്കെടുക്കുന്നതിനായി പരിശീലനം ആവശ്യമാണ്. ഇത്തരം പരിശീലന പരിപാടികളിലും ലൈസൻസിംഗ് പരീക്ഷകളിലും പങ്കെടുക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് സാമ്പത്തിക സഹായം ആവശ്യമാണ്. ആയതിനായി നോർക്ക വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് 'ശുഭയാത്ര'. പ്രസ്തുത പദ്ധതി പ്രകാരം വിദേശഭാഷ പഠിക്കുന്നതിനും അതിനുള്ള പരീക്ഷയ്ക്കുമായി രണ്ട് ലക്ഷം രൂപ വരെ വായ്പ നൽകി വരുന്നുണ്ട്. പ്രസ്തുത വായ്പയുടെ പലിശയിൽ സബ്സിഡി അനുവദിക്കുന്നത് ഉദ്യോഗാർത്ഥികൾക്ക് സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു. <u>ആയതിനാൽ ശുഭയാത്ര പദ്ധതി പ്രകാരമുള്ള വായ്പകളുടെ പലിശയിൽ സബ്സിഡി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

13) തങ്ങളുടെ ജീവിതത്തിന്റെ ഭൂരിഭാഗവും വിദേശത്ത് തൊഴിൽ ചെയ്ത ശേഷം നാട്ടിൽ തിരികെയെത്തുന്ന പ്രവാസികളിലധികവും അറുപത്തി അഞ്ച് വയസ്സ് കഴിഞ്ഞവരാണ്. നിലവിൽ ഇൻഷ്വറൻസ് കമ്പനികൾ അറുപത്തി അഞ്ച് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ആക്സിഡന്റൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടെന്നല്ലാതെ മറ്റ് ജനറൽ ഹെൽത്ത് ഇൻഷ്വറൻസ് പരിരക്ഷയൊന്നും നൽകുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>അറുപത്തി അഞ്ച് വയസ് കഴിഞ്ഞ പ്രവാസികൾക്കായി വളരെ കുറഞ്ഞ പ്രീമിയത്തിൽ ഒരു ഇൻഷ്വറൻസ് പോളിസി ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

14) നാട്ടിൽ മടങ്ങി എത്തിയ പ്രവാസികൾക്കായി 2023 മേയ് മാസം മുതൽ വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തൊഴിൽ വകുപ്പിന്റെ തൊഴിൽ മേളകളിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്. നിലവിൽ 29 പേർ ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥർ വ്യക്തമാക്കി. വകുപ്പിന്റെ ഭാഗത്തു നിന്നും പ്രചരണം നൽകുന്നുണ്ടെങ്കിലും പ്രവാസി സംഘടനകളുടെ ഭാഗത്ത് നിന്ന് കൂടി ഇക്കാര്യത്തിൽ ഇടപെടലുകളുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

15) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയ പ്രവാസികളുടെ വരുമാന വർദ്ധനയ്ക്കുതകുന്നതും അത്തരം വിഭാഗക്കാർ ഒറ്റക്കും കൂട്ടായും ആരംഭിക്കുന്നതുമായ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രൊജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണമെന്ന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിലെല്ലാം പ്രവാസികൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശം നൽകുകയും 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവാസികൾക്ക് മുൻഗണന നൽകുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നുമുള്ള വിവരം യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വെളിപ്പെടുത്തി.

16) <u>പ്രവാസികൾക്കായി പ്രവാസി ഗ്രാമസഭകൾ ചേരുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവാസികൾക്ക് മാത്രമായി സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രവാസിക്ഷേമ പദ്ധതികൾക്കായി നിശ്ചിത ശതമാനം തുക മാറ്റിവയ്ക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

17) <u>പ്രവാസികളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി അവരിൽനിന്നും ഒറ്റത്തവണ വാർഷിക പ്രീമിയം ഈടാക്കി മെഡിസെപ് പോലുള്ള ഒരു ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകുന്നതു പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

18) വിദേശ രാജ്യങ്ങളിൽ വച്ച് മരണമടയുന്ന പ്രവാസികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് നോർക്ക എമർജൻസി റിപാട്രിയേഷൻ സ്കീമും നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ സ്കീമും നിലവിലുള്ളതായി സമിതി മനസ്സിലാക്കി. വിദേശത്ത് മരണമടയുന്ന മലയാളികളുടെ മൃതദേഹം തൊഴിൽദാതാവോ സ്പോൺസറോ എംബസ്സിയോ ആണ് നാട്ടിലെത്തിക്കുന്നതെന്നും അതിന് ഏകദേശം 40,000 മുതൽ 50,000 രൂപ വരെ ചെലവ് ഉണ്ടെന്നും യൂറോപ്യൻ രാജ്യങ്ങളിൽ വച്ച് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നത് ഫ്യൂണറൽസ് കമ്പനികളാണെന്നും അതിന് ഏകദേശം 8-10 ലക്ഷം രൂപ ചെലവാകുമെന്നും സമിതി

വിലയിരുത്തി. കേരളത്തിൽ വച്ച് മരണപ്പെടുന്ന അതിഥിതൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് തൊഴിൽ വകുപ്പിന് പ്രത്യേക പദ്ധതിയുണ്ടെന്നും സമിതി മനസ്സിലാക്കി. വിദേശത്തുള്ള പ്രവാസികൾക്ക് 315/- രൂപ കൊടുത്ത് രജിസ്റ്റർ ചെയ്യുമ്പോൾ മൂന്ന് വർഷത്തെ കാലാവധിയിൽ നോർക്കയുടെ തിരിച്ചറിയൽ കാർഡ് നൽകി വരുന്നുണ്ടെന്നും ഇപ്രകാരം രജിസ്റ്റർ ചെയ്ത ഒരാൾ അപകടത്തിൽപ്പെട്ട് മരിച്ചാൽ അവരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപയും സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയുമാണ് നൽകുന്നതെന്നും മനസ്സിലാക്കിയ സമിതി <u>പ്രസ്തുത തുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

19) കേരളത്തിൽ മടങ്ങിയെത്തുന്ന പ്രവാസികളെ കേന്ദ്രീകരിച്ചാണ് നിലവിൽ ക്ഷേമപദ്ധതികൾ നടപ്പാക്കിവരുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രവാസികൾ കേരളത്തിന് പുറത്ത് ആയിരിക്കുന്ന സമയത്ത് തന്നെ അവരെ നാഷണൽ പെൻഷൻ സ്കീമിൽ അംഗങ്ങളാക്കുന്നതും മലയാളി അസോസിയേഷനുമായി ചേർന്ന് ഒരു മിഷൻ മോഡിലേക്ക് കൊണ്ടുവരുന്നതും ഗുണകരമായിരിക്കുമെന്ന് വിലയിരുത്തിയ സമിതി <u>പ്രവാസികൾ കേരളത്തിന് പുറത്ത് പോകുന്ന സമയത്തു തന്നെ അവരെ നാഷണൽ പെൻഷൻ സ്കീം പോലുള്ള സ്കീമുകളിൽ അംഗങ്ങളാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

20) <u>പ്രവാസികൾക്കായി കുടുംബശ്രീ മാതൃകയിൽ പ്രവാസി മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

21) പ്രവാസ ജീവിതം മതിയാക്കി തിരിച്ചുവരുന്ന പ്രവാസികളുടെയും കുടുംബത്തിന്റെയും സംരക്ഷണം ഉറപ്പ് വരുത്തുന്നതിനോടൊപ്പം കോവിഡിനെത്തുടർന്ന് മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുകയും അവർക്ക് നിലനിൽപ്പിനാവശ്യമായ പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. നാടിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപ പദ്ധതിയായ പ്രവാസി ഡിവിഡന്റ് പദ്ധതിയിലെ

സർക്കാർ വിഹിതം യഥാസമയം സർക്കാരിൽ നിന്നും ലഭിക്കാത്തതുകൊണ്ട് പ്രവാസിക്ഷേമ ബോർഡിൽ നിന്നും ക്രമീകരിക്കുന്നതിനാൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതിയും വളരെ മോശമാണെന്നും വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള ഭരണാനുമതി നാളിതുവരെ ലഭ്യമായിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രവാസി ഡിവിഡന്റ് പദ്ധതിയിലെ സർക്കാർ വിഹിതം യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

22) നമ്മുടെ നാടിന്റെ സർവ്വതോന്മുഖമായ വികസനത്തിന് പ്രവാസി മലയാളികൾ നൽകുന്ന സംഭാവനകൾ നിസ്തുലമാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണായക പങ്ക് വഹിക്കുന്ന പ്രവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സമിതി അത്യധികം പ്രാധാന്യത്തോടെ നോക്കിക്കാണുന്നു. പ്രവാസി ജനതയുടെ ക്ഷേമവും ഐശ്വര്യവും ഊട്ടിയുറപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പ്രേരകമാവട്ടെ ഈ റിപ്പോർട്ട് എന്ന് സമിതി പ്രത്യാശിക്കുന്നു.

എ. സി. മൊയ്തീൻ,
ചെയർപേഴ്സൺ,
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2025 ആഗസ്റ്റ് 6.